

ടെക്സ്റ്റ്: **ജുവൈദ് കാദിരി**

# ഓട്ടോമേഷൻ: പുതിയ മുഖം

## മുടക്കുന്ന പണത്തിന് പൂർണ്ണത ലഭ്യമാക്കുക എന്നതാണ് ഇന്നത്തെ പ്രൊഫഷണൽ രീതി

ഓട്ടോമേഷൻ ഹോംതീയേറ്റർ സംവിധാനങ്ങൾ എന്നിവയൊക്കെ വ്യാപകമായി ഉപയോഗിക്കുന്ന കാലമാണിത്. ഏതൊരു വീട്ടിലും കെട്ടിടത്തിലും നടപ്പിലാക്കുവാൻ കഴിയുന്ന തരത്തിലുള്ള സാധാരണ സാങ്കേതിക സംവിധാനങ്ങളായി മാറിക്കഴിഞ്ഞിരിക്കുന്നു ഇവയൊക്കെ. സാധാരണമായവയിൽ നിന്നും ഒരു പടികൂടി മുന്നോട്ടുപോയി വളരെ കൃത്യവും വ്യക്തവുമായ പ്രൊഫഷണൽ രീതിയിലുള്ള സംവിധാനങ്ങൾ കൂടിച്ചേർന്ന ഇറക്കുമതിചെയ്യപ്പെട്ട ഉപകരണങ്ങളും സാങ്കേതിക വിദ്യകളും ഇവിടെയും ലഭ്യമായിക്കഴിഞ്ഞിരിക്കുന്നു. എന്നാൽ ഇതേക്കുറിച്ച് ഇന്ന് പലർക്കും അറിയില്ല. സാധാരണയായി റെഡിമെയ്ഡായി ചില ഹോംതീയേറ്റർ സംവിധാനങ്ങൾ വാങ്ങി സ്ഥാപിച്ച് എന്തെങ്കിലും കുറെ ഗിമ്മിക്കുകൾ കാണിക്കുകയാണ് ഇന്നു പലരും ചെയ്യുന്നത്. അപൂർവ്വമായി ചിലർ മാത്രമാണ് മുന്നൊരുക്കത്തോടെ, സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഹോംതീയേറ്ററും ഹോംഓട്ടോമേഷനും സ്ഥാപിക്കാറുള്ളത്.

### പൂർണ്ണതയ്ക്ക് പ്രാധാന്യം

മുടക്കുന്ന പണത്തിന് പൂർണ്ണത ലഭ്യമാക്കുക എന്നതാണ് ഇന്നത്തെ പ്രൊഫഷണൽ രീതി. അതുകൊണ്ടു തന്നെ ഹോംതീയേറ്റർ സ്ഥാപിക്കുകയാണെങ്കിൽ പോലും അതിന്റെ സാങ്കേതിക പ്രശ്നങ്ങളെക്കുറിച്ച് അറിഞ്ഞിരിക്കാൻ ഉപഭോക്താവിന് അവകാശമുണ്ട്. ഓരോ സ്പീക്കറിനും അതിന്റേതായ പൊസിഷൻ, സ്പേസ് ഇവയൊക്കെയുണ്ട്. സൗണ്ടിങ് സ്പീക്കറുടെ സ്ഥാനം എവിടെയാണ് എന്നത് പലർക്കും അറിയില്ല. പലരും



**പലരും ബ്രാൻഡ് മുതലായ കാര്യങ്ങൾ ശ്രദ്ധിക്കും, എന്നാൽ മേൽത്തരം ഉൽപ്പന്നങ്ങളാണെങ്കിൽ പോലും അവ സ്ഥാപിക്കുമ്പോൾ വേണ്ട സാങ്കേതിക കാര്യങ്ങൾ ശ്രദ്ധിക്കുകയുമില്ല**

ഇത് ഉയരത്തിൽ, ചിലപ്പോഴൊക്കെ സീലിങ്ങിൽ വരെ സ്ഥാപിച്ചിരിക്കുന്നതു കാണാം! സറൗണ്ടിങ് സ്പീക്കറിന്റെ ധർമ്മം കുറഞ്ഞ ഫ്രീക്ക്വൻസിയിലുള്ള ശബ്ദം പ്രദാനം ചെയ്യുക എന്നതാണ്. തന്മൂലം ഇതിന്റെ സ്ഥാനം ഹോം തീയേറ്ററിൽ ഇരിക്കുന്ന ആളുകളുടെ ചെവിയുടെ ലെവലിൽ വേണം വരാൻ. അതാണ് അതിന്റെ യഥാർത്ഥ സ്ഥാനം. ശബ്ദത്തിന് വെള്ളത്തിന്റെ സ്വഭാവമാണ്. അത് ഒഴുകി പരക്കും. ഹൈ ഫ്രീക്ക്വൻസി ശബ്ദം 10, 20 ഡിഗ്രി ലെവലിൽ ആണ് കൃത്യമായ ക്ലാരിറ്റിയോടെ കേൾക്കാൻ കഴിയുക. ശബ്ദത്തിന് അതിന്റേതായ ഡീറ്റെയ്‌ലിങ് ഉണ്ട്. അത് മനസിലാക്കി ആ ആംഗിളിൽ സ്പീക്കറുകൾ കൃത്യമായ പൊസിഷനിൽ സ്ഥാപിക്കണം. അപ്പോഴാണ് ക്ലാരിറ്റി പൂർണ്ണ തലത്തിൽ ലഭിക്കുക. ഇത് മനസ്സിലാക്കി വേണം ഹോംതീയേറ്റർ റൂമിൽ സീറ്റുകൾ സ്ഥാപിക്കുവാൻ. ശബ്ദത്തിന് വോളിയം കൂട്ടിയിട്ടു മാത്രം കാര്യമില്ല, മറിച്ച് വ്യക്തത ലഭിക്കുക കൂടി വേണം. റെക്കോഡിങ് നടന്നത് ഏത് ലെവലിൽ ആണോ ആ ലെവലിൽ ഉള്ള ശബ്ദം തന്നെ കേൾക്കുന്നവരുടെ ചെവിയിൽ കിട്ടണം. അതാണ് പൂർണ്ണത. പലരും ബ്രാൻഡ് മുതലായ കാര്യങ്ങൾ ശ്രദ്ധിക്കും, എന്നാൽ മേൽത്തരം ഉൽപ്പന്നങ്ങളാണെങ്കിൽ പോലും അവ സ്ഥാപിക്കുമ്പോൾ വേണ്ട സാങ്കേതിക കാര്യങ്ങൾ ശ്രദ്ധിക്കുകയുമില്ല.

ശബ്ദഗുണം ഉറപ്പാക്കുന്ന ആംപ്ലിഫയറുകൾ ഓരോരുത്തരുടേയും ബഡ്ജറ്റിനനുസരിച്ച് ചെയ്യാനാവുന്നതാണ് എന്നറിയുക. ശബ്ദത്തോടുള്ള ആഭിമുഖ്യം പലർക്കും പലതലത്തിലായിരിക്കും. ചിലർക്ക് ക്ലാസിക്കൽ, ചിലർക്ക് ജാസ് എന്നിങ്ങനെ. ഇതു മനസിലാക്കി ട്യൂൺ ചെയ്യുവാൻ കഴിയും. സ്വീറ്റ് സ്പോട്ടുകൾ 6 എണ്ണമാണ് ഉണ്ടാവുക. ഓരോ നിശ്ചിത ഏരിയയിലും ഇവ സ്ഥാപിച്ച് പ്രോസസറിൽ കാലിബർ ചെയ്യുകയാണ് വേണ്ടത്. ഇവയ്ക്ക് കൃത്യമായ ദൂരപരിധിയുണ്ട് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ആ പരിധി വിട്ടാൽ ഉദ്ദേശിച്ച ഫലം ലഭിക്കുകയില്ല. ഇറക്കുമതി ചെയ്ത Bowers and Wilkin, Vivid Audio, Focal, Paradigm, Marantz, Denon, Rotal, Jeff Rowland, Rotel, Viewsonic, Benq, Epson ബ്രാൻഡുകളിലുള്ള സ്പീക്കറുകൾ ആംപ്ലിഫയറുകൾ പ്രൊജക്റ്ററുകൾ എന്നിവ ലഭ്യമാകുന്ന കേരളത്തിലെ പ്രമുഖസ്ഥാപനമാണ് സ്റ്റോറീസിന്റെ കീഴിലുള്ള കലിറ്റേ. സിനിമ ശബ്ദ സാങ്കേതിക മേഖലയിലെ ഏറ്റവും പുതിയ സംവിധാനമായ ഓറോ 3ഡി സാങ്കേതിക വിദ്യ പ്രദാനം ചെയ്യുന്ന കേരളത്തിലെ ഏക പ്രവൃത്തി പരിചയ സ്ഥാപനം കൂടിയാണ് സ്റ്റോറിസ്.

## വിരൽത്തുമ്പിൽ എല്ലാം

ഒരു വിരൽ സ്പർശത്തിൽ എല്ലാം ലഭ്യമാവുന്ന കാലമാണിത്. എളുപ്പം ഉപയോഗിക്കുവാൻ കഴിയുന്ന സംവിധാനങ്ങളാണ് ഉപഭോക്താക്കൾ പ്രതീക്ഷിക്കുന്നത്. ഒരു മുറിയെടുത്താൽ അതിൽ കർട്ടൻ, ലൈറ്റ്, ഫാൻ, ഓഡിയോ, വീഡിയോ ഡിവൈസിസ്, വാതിൽ, ജനാലകൾ എന്നിവയെല്ലാമുണ്ടാവും. ഇവയൊക്കെ ഓൺ, ഓഫാക്കാൻ അടക്കാനും, തുറക്കാനും ഒരു വിരൽസ്പർശം മാത്രം മതിയാവും. സാധാരണ ഓട്ടോമേഷൻ സംവിധാനത്തിൽ കുറേ ബട്ടനുകൾ ഉണ്ടാകും. അവയിൽ ലൈറ്റ്, ഫൈൻ എന്നിങ്ങനെയൊക്കെ പ്രത്യേകം ബട്ടണുകൾ അടങ്ങിയ നീണ്ട നിരയുണ്ടാകും. ഇത് പലർക്കും ബുദ്ധിമുട്ട് ഉണ്ടാക്കാറുണ്ട്. എന്നാൽ ഏറ്റവും പുതിയ സാങ്കേതിക വിദ്യയനുസരിച്ച് ഇവയെല്ലാം ഒരു ബട്ടന്റെയും ആവശ്യമില്ലാതെ മൊബൈലിൽ സെറ്റുചെയ്യാം. എവിടെയിരുന്നും നിയന്ത്രിക്കാം. ഒരാഴ്ചത്തേക്ക് വീട്ടിൽ നിന്നും മാറി നിന്നാൽ, ടൂർ പോയാൽ ഓട്ടോമേഷൻ സംവിധാനം വെക്കേഷൻ മോഡിലാക്കാം. അങ്ങനെ ചെയ്താൽ വീട്ടിലെ കാര്യങ്ങൾ ഓർത്ത് ടെൻഷൻ ആവാതെ യാത്രചെയ്യാം. വീട്ടിൽ കൃത്യസമയത്ത് ലൈറ്റ് തെളിക്കാം, ഓഫാക്കാം, ലാൻഡ്സ്കേപ്പ് നനക്കാം, ആളില്ലാത്തപ്പോൾ വീട്ടിൽ ആരെങ്കിലും എത്തിയാൽ ദൂരെ ഇരുന്നും അറിയുവാനും അവരുമായി സംസാരിക്കുവാനും ആവശ്യങ്ങൾ അറിയുവാനും കഴിയും. വീട്ടിൽ ആളില്ലാത്തപ്പോൾ ഗൃഹോപകരണങ്ങൾ സർവീസ് ചെയ്യാൻ ആള് എത്തിയാലും അവർക്ക് ഗേറ്റ് തുറന്നു കൊടുക്കുവാനും അവർക്ക് ആവശ്യമുള്ള ഏരിയകൾ തുറന്നു കൊടുക്കുവാനും അവർക്ക് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുവാനും നിരീക്ഷിക്കുവാനും കഴിയും. വീട്ടിലിരുന്ന് ടിവി കാണുന്നതിന് ഇടയിൽ ആരെങ്കിലും വീടിനു മുന്നിൽ എത്തിയാൽ എണീറ്റു പോകാതെ അവരുടെ ആവശ്യങ്ങളെ നടപ്പിലാക്കുവാനാകും. Casadigi, Crestron എന്നീ കമ്പനികളുടെ ഓട്ടോമേഷൻ സംവിധാനങ്ങളും സ്റ്റോറിസിന്റെ കൊച്ചി ഷോറൂമിൽ ലഭ്യമാണ്.

നമ്മുടെ ഫോണിലും മറ്റും ഫോട്ടോകൾ നിറഞ്ഞ് ഫോൺ ഹാങ് ആവുന്ന പതിവും ഒഴിവാക്കാം. ഫോട്ടോകൾ കോപ്പിചെയ്യാൻ സിസ്റ്റത്തിന് മുന്നിൽ സമയം ചെലവഴിക്കേണ്ട. ആവശ്യമുള്ള ഫോട്ടോകൾ ഫോണിൽ നിന്നും ഫോൾഡറാക്കി ഏതവസരത്തിലും വീട്ടിലുള്ള ഏതു ടിവിയിലും കാണുവാൻ പാകത്തിന് അപ്‌ലോഡ് ചെയ്തു വയ്ക്കാൻ ഇതേ ഫോൾഡറിലേക്ക് വീട്ടിലുള്ള മറ്റ് ആർക്കെങ്കിലും കൂടുതൽ ഫോട്ടോകൾ ഇടണമെങ്കിൽ അതും സാധ്യമാണ്. മൊ







ബൈൽ ഉപയോഗിച്ച് ഈ പ്രവർത്തനങ്ങളെല്ലാം സാധ്യമാക്കാം. അതുപോലെ കുട്ടികൾക്കുള്ള ഗെയിമുകൾ, യൂട്യൂബ്, വീഡിയോ, അലാമുകൾ എന്നിങ്ങനെ നമുക്കാവശ്യമുള്ളതെല്ലാം ഒരു വിരൽ തുമ്പിൽ പ്രവർത്തിപ്പിക്കുവാനാകുന്നു.

## മികച്ച സേവനം

ഒരു വീടിനെ എത്ര എളുപ്പത്തിൽ ഉപയോഗിക്കുവാനാവും എന്നതാണ് ഇത്തരം സംവിധനങ്ങളുടെ പ്രത്യേകത. ഓട്ടോമേഷൻ സംവിധാനങ്ങൾ കോംപ്ലിക്കേറ്റഡാണ് എന്ന ധാരണ പൊളിച്ചെഴുതുന്നവയാണ് ഇത്തരം സംവിധാനങ്ങൾ. ഇത്തരം സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ചെയ്തിട്ടുള്ള വീടുകൾ കേരളത്തിൽ പലയിടത്തും കാണുവാനാകും. കൃത്യമായ സർവ്വീസും അതിനു പുറമെ ഇൻസ്റ്റലേഷന്റെ 25ലധികം വരുന്ന ഡ്രോയിങ്ങുകൾ, ഡയഗ്രമാറ്റിക്കൽ യൂസർ ഗൈഡും ഉപഭോക്താവിന് നൽകുന്നുണ്ട്. ഇതിൽ കേബിൾ പോയിന്റുകൾ, അവയുടെ നീളം, ഓഡിയോ കേബിൾ, ഇലക്ട്രിസിറ്റി കേബിൾ, എന്നിവ പ്രത്യേകം മാർക്ക് ചെയ്തിട്ടുണ്ട്. കൂടാതെ കേബിൾ ഡ്രോയിങ് പൊസിഷൻ, സ്ക്രീൻ, സീറ്റിങ് പൊസിഷൻ എന്നിവയും ഉണ്ടാകും. സർവീസ് ആവശ്യം വരുന്ന പക്ഷം യൂസർ ഗൈഡ് വായിച്ചു മനസിലാക്കി ഡയഗ്രം നോക്കി സർവീസ് നടത്തുവാൻ കഴിയും. ഓരോ കേബിളിനും നമ്പറും അതിന്റെ രണ്ടറ്റങ്ങളും എന്തിൽ കണക്റ്റു ചെയുന്നു; എത്ര നീളമുണ്ട് എവിടെ വരെ പോയിട്ടുണ്ട് തുടങ്ങിയ വിശദാംശങ്ങളും അടയാളപ്പെടുത്തിയിരിക്കും. ആംപ്ലിഫയറിന്റെ കാര്യങ്ങളും വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സേവനം മനസ്സിലാക്കി അല്ലെങ്കിൽ പ്രസ്തുത കമ്പനിയുടെ ട്രെയിനിങ് കിട്ടിയിട്ടില്ലാത്ത ടെക്നീഷ്യനു പോലും ഈ യൂസർ ഗൈഡ് വായിച്ചു മനസിലാക്കി കാര്യങ്ങൾ ചെയ്യുവാനാകും.




തികച്ചും പ്രൊഫഷണൽ ആയ ഒരു സംസ്ക്കാരം വളർത്തിയെടുക്കുക മാത്രമല്ല അവ പ്രചാരത്തിൽ കൊണ്ടുവന്ന് നല്ലൊരു വിപണ സേവന രംഗം നടപ്പിലാക്കുക എന്നതാണ് ഇതിലൂടെ സ്റ്റോറിസ് ലക്ഷ്യമിടുന്നത്. ■

*ലേഖകൻ: സ്റ്റോറിസ് - കലിറ്റേയുടെ ഡയറക്ടറാണ് AV CTS Certified (infocomm) പ്രൊഫഷണലാണ്*
*സ്റ്റോറിസ്, പാലാരിവട്ടം, കൊച്ചി.*
*ഫോൺ: 9562 333388*